# സോളിഡാരിറ്റിയെ ഞങ്ങൾ അനുഭവിച്ചറിഞ്ഞു

**തൃശൂർ** ജില്ലയിലെ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പടിയൂർ പഞ്ചായത്തിലാണ് 'മഴുവഞ്ചേരിതുരുത്ത്' എന്ന ഞങ്ങളുടെ ഗ്രാമം. തീർത്തും സാധാരണക്കാരായ 140-ഓളം കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കപ്പെട്ടു കഴിയുകയായിരുന്നു ഞങ്ങൾ. ഇതിനെതിരെ പല പ്രാവശ്യം പ്രതിഷേധ സമരങ്ങളും മറ്റും നടത്തിയെങ്കിലും അധികാരികളുടെ കണ്ണു തുറന്നില്ല. അങ്ങനെ കുടിവെള്ളം എന്നത് ഞങ്ങളുടെ സ്വപ്നത്തിൽനിന്നു പോലും മാഞ്ഞുപോയപ്പോഴാണ് പുത്തൻ പ്രതീക്ഷയുമായി സോളിഡാരിറ്റി തുരുത്തിലേക്ക് കടന്നുവരുന്നത്.

കേരളത്തിലെ ജനകീയ സമരങ്ങൾക്ക് ആവേശം പകർന്നും അധികാരികളുടെ ധാർഷ്ട്യത്തെ ചോദ്യം ചെയ്തും അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരുടെ മുന്നണിപ്പോരാളിയായും കേരളത്തിന്റെ വിപ്ലവാത്മകതക്ക് പുത്തൻ വീരഗാഥ രചിച്ച് സോളിഡാരിറ്റിയെ അതുവരെ ഞങ്ങൾ പത്രങ്ങളിലൂടെയും ജനങ്ങളിലൂടെയുമായിരുന്നു അറിഞ്ഞിരുന്നത്.

സോളിഡാരിറ്റി തുരുത്തിലെ എല്ലാ കുടുംബങ്ങളെയും വിളിച്ചുകൂട്ടി അവിടത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കുടിവെള്ള പ്രശ്നം ആദ്യം പരിഹരിക്കാൻ തീരുമാനിക്കുകയും അങ്ങനെ സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ 'മഴുവഞ്ചേരി സമരസമിതി'ക്ക് രൂപം നൽകുകയും ചെയ്തു. തുടർന്നങ്ങോട്ട് ശക്തമായ സമര-പ്രക്ഷോഭ പരിപാടികളായിരുന്നു നീണ്ട ഒന്നര വർഷക്കാലം.

മഴുവഞ്ചേരി തുരുത്തിൽ കുടിവെള്ളമെത്തിക്കാതെ സമരത്തിൽനിന്ന് പിന്മാറില്ലെന്ന സോളിഡാരിറ്റിയുടെ പ്രഖ്യാപനം ഞങ്ങളിൽ ആത്മവിശ്വാസം പടർത്തി. അത്രക്ക് നിശ്ചയദാർഢ്യം പ്രവർത്തകരിലുണ്ടായിരുന്നു. മാത്രമല്ല നല്ലൊരു ആത്മബന്ധം ഞങ്ങൾ തമ്മിൽ തുടർന്നുകൊണ്ടേയിരുന്നു.

തുരുത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് വളരെ എളുപ്പമാർന്ന ഒരു പ്രോജക്ട് സോളിഡാരിറ്റി തയാറാക്കി. ഞങ്ങൾ നൂറിലേറെ പേർ ജലവിഭവ വകുപ്പ് മന്ത്രി എൻ.കെ പ്രേമചന്ദ്രന്നും റവന്യൂ മന്ത്രി കെ.പി രാജേന്ദ്രന്നും അത് സമർപ്പിച്ചു. മന്ത്രി എൻ.കെ പ്രേമചന്ദ്രൻ അവിടെ വെച്ചുതന്നെ പ്രോജക്ട് വായിച്ച് അവിടെയുണ്ടായിരുന്ന വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ഇതിനു വേണ്ട എസ്റ്റിമേറ്റ് ഉടൻ തയാറാക്കാൻ പറഞ്ഞു. തുടർന്നദ്ദേഹം ഞങ്ങളോട് ചോദിച്ചു: 'നിങ്ങൾക്ക് വെള്ളം കിട്ടിക്കഴിഞ്ഞാൽ സോളിഡാരിറ്റിയെ മറക്കില്ലേ?' അതിന് ഞങ്ങൾ ഒറ്റക്കെട്ടായി പറഞ്ഞത്: 'ഇല്ല സർ, ഞങ്ങളുടെ മരണം വരെ മറക്കില്ല. കാരണം ഒരാളും ആത്മാർഥതയോടെ ഞങ്ങൾക്കൊപ്പം നിന്നിരുന്നില്ല; സോളിഡാരിറ്റി പ്രവർത്തകരല്ലാതെ.'

അന്ന് സമർപ്പിച്ച പ്രോജക്ടാണ് ഇപ്പോൾ മഴുവഞ്ചേരി തുരുത്തിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് നടപ്പാക്കിയത്. അതിന്റെ സന്തോഷം ഞങ്ങൾ സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാനും സംസ്ഥാന ജനറൽ സെക്രട്ടറി പി.ഐ നൗഷാദിനും എളിയ സ്വീകരണം നൽകിക്കൊണ്ട് പങ്കുവെക്കുകയുണ്ടായി. യഥാർഥത്തിൽ ഞങ്ങളുടെ ഉത്സവമായിരുന്നു അന്ന്.

ആധുനിക കാലഘട്ടത്തിലെ മാറിയ ജീവിത ക്രമത്തിനനുസരിച്ച് അധികാരി

വർഗത്തിന്റെയും രാഷ്ട്രീയ കക്ഷികളുടെയും നിലപാട് മാറ്റങ്ങൾ സാധാരണ ജന വിഭാഗത്തിന്റെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കരുത്തുറ്റ യുവ ജന പ്രസ്ഥാനമായി, പ്രതീക്ഷയായി സോളിഡാരിറ്റി കേരളത്തിൽ കുളിർമഴ പെയ്യി ക്കുകയാണ്. കണ്ടും കേട്ടും മാത്രമല്ല, സോളിഡാരിറ്റിയെ ഞങ്ങൾ അനുഭവിച്ചറിയു കയാണ്.

**പി. ഉണ്ണികൃഷ്ണൻ**
**കൺവീനർ, മഴുവഞ്ചേരി സമരസമിതി**

# വംശവെറി തിരിച്ചറിയുക

**കെ.പി** രാമനുണ്ണി എഴുതിയ 'ഇവരെ കൊണ്ട് എന്താണ് ചെയ്യുക' എന്ന ലേഖനം ഏറെ പ്രസക്തമായി തോന്നി. കേരളത്തിലെ സാമൂഹിക സാംസ്കാരിക മണ്ഡല ത്തിൽ പടർന്നുകൊണ്ടിരിക്കുന്ന പുതിയ 'ദേശീയ രോഗ'ത്തെ തുറന്നു കാട്ടുന്നതാണ് പ്രസ്തുത ലേഖനം. കേരളത്തിലെ പ്രമുഖ ദേശീയ മാധ്യമങ്ങൾ ന്യൂനപക്ഷ പ്രതി നിധാനങ്ങളെ കണ്ടാലുടൻ വെടിവെക്കുന്ന പ്രവണത ഉത്കണ്ഠപ്പെടുത്തുന്നതാണ്.

രാമനുണ്ണിയുടെ ലേഖനത്തിൽ, ഒരു ചാനൽ ചർച്ചയിൽ മുസ്‌ലിം പ്രശ്നങ്ങളെ സൂചിപ്പിച്ചപ്പോൾ, സദസ്സിലെ ഒരാൾ അദ്ദേഹത്തിന്റെ പേര് രാമൻ മഅ്ദനി എന്നാ ക്കണമെന്ന് പരിസഹിച്ചതും മുസ്‌ലിംകളുടെ പണം പറ്റുന്ന പേനയുന്തി എന്നും ആക്ഷേപിച്ചതും ഇവിടത്തെ മാധ്യമങ്ങളുടെ നിറംപിടിപ്പിച്ച നുണകൾ പൊതുബോ ധത്തെ സ്വാധീനിക്കുന്നതിന്റെ തെളിവാണ്. യുവ പത്രപ്രവർത്തകനും സിനിമാ നിരൂ പകനുമായ സി.പി ബിജു, മുസ്‌ലിം നാമധാരികളെ സ്ഥിരമായി വില്ലനാക്കി സിനിമ യെടുക്കാറുള്ള ഷാജി കൈലാസിനോട് കാരണമന്വേഷിച്ചപ്പോൾ, കേരളത്തിലെ ജയി ലുകളിൽ ഭൂരിപക്ഷവും അവരാണ് എന്ന് പ്രതികരിച്ചുവത്രെ. പ്രസ്തുത വാദം നിഷേ ധിച്ച് അതിനു തന്റെ പക്കൽ തെളിവുണ്ടെന്ന് പറഞ്ഞ ബിജുവിനോട് നിങ്ങൾ അവ രുടെ പണം കൈപറ്റി സംസാരിക്കുന്നു എന്നായിരുന്നു ഷാജി കൈലാസിന്റെ മറുപ ടി.

സഹിഷ്ണുതയിൽ ക്രമപ്പെടുത്തിയ കേരളീയ സംസ്കാരത്തിന് നേരെ കൊടു വാളോങ്ങുന്നവർക്കെതിരെ നാം കരുതിയിരിക്കണം.

**പി.എം ഫിദൽ**
**സർസയ്യിദ് കോളേജ് തളിപ്പറമ്പ**

# കല്യാണ കമ്പോളത്തിലെ പൊന്നും പണവും

**സൈനബ്** ഷാർജ എഴുതിയ 'സ്ത്രീധനം മുഖ്യ ചർച്ചയാവട്ടെ' എന്ന പ്രതികരണം സമൂഹത്തിന്റെ മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്ത്രീശാക്തീകരണ ച ർച്ചകളും പ്രവർത്തനങ്ങളും വളരെ സൂക്ഷ്മതയോടെ മുന്നോട്ട് പോയിക്കൊണ്ടിരി ക്കുന്ന സന്ദർഭമാണിത്. സ്ത്രീധനത്തിന്റെ പേരിൽ കഷ്ടതകളനുഭവിക്കുന്ന ധാ രാളം ആളുകളെ നമുക്ക് കാണാൻ സാധിക്കും. തൊഴിൽ മേഖലകളിലും വിദ്യാഭ്യാ സ മേഖലകളിലും സ്ത്രീകൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. രാജ്യസഭയിൽ വനിതാ സംവരണ ബില്ല് പാസ്സാക്കിയത് സ്ത്രീശാക്തീകരണ മുന്നേറ്റത്തിന് നല്ലൊരു ഉദാ ഹരണമാണ്. ഇങ്ങനെ സ്ത്രീശാക്തീകരണ ചർച്ചകൾ പുതിയ കാൽവെപ്പുകൾ നട ത്തുമ്പോഴും സ്ത്രീധന സമ്പ്രദായത്തിനെതിരെ പ്രായോഗിക നടപടികളുമായി ശക്ത മായി മുന്നോട്ടുവരാൻ ഇതുവരെ സാധിച്ചിട്ടില്ല. സ്ത്രീശാക്തീകരണത്തിന്റെ ഭാഗ മായി ഇനി മുന്നോട്ട് വെക്കേണ്ടത് ഇത്തരം നടപടികളാണ്. തന്റെ മകളെ കുറഞ്ഞത് പത്തോ പതിനഞ്ചോ ലക്ഷം രൂപയെങ്കിലും സ്ത്രീധനം കൊടുക്കാതെ വിവാഹം കഴി

ച്ചയച്ചാൽ അത് കുടുംബത്തിന്റെ അന്തസ്സിന് നിരക്കാത്തതാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന മാതാപിതാക്കൾ നമ്മുക്കിടയിലുണ്ട്. അതിനായി വളരെ കഷ്ടപ്പെട്ടും കടം വാങ്ങിയും പണമുണ്ടാക്കി അവരത് ചെയ്യുന്നു. എന്നാൽ മറ്റു ചിലർ, മകനെ സ്ത്രീധനം വാങ്ങിവേഗം വിവാഹം കഴിപ്പിച്ച് അതുകൊണ്ട് പെൺമക്കളെ കെട്ടിച്ചയക്കുകയാണ്. ഇതൊക്കെക്കൊണ്ടുതന്നെ സ്ത്രീധനം പകർച്ചവ്യാധി പോലെ പടർന്നു പിടിക്കുന്നത്. സമൂഹത്തിന്റെ ഏതൊക്കെ മേഖലകളിൽ സ്ത്രീകൾ മുന്നേറിയാലും സ്ത്രീധന സമ്പ്രദായത്തിനെതിരെ രംഗത്തുവരാതെ സ്ത്രീശാക്തീകരണ ചർച്ചകൾ വിജയിക്കുകയില്ല.

**സി.എ നസീഫ് തളിക്കുളം**

# മുസ്‌ലിം ലീഗ് മറക്കാൻ പാടില്ലാത്തത്

***പ്രബോധനം*** ലക്കം 38-ൽ 'യൂത്ത് ലീഗ് നേതാവിന്റെ സാമ്രാജ്യത്വ ദാസ്യം' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ചോദ്യോത്തരം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിമർശകരുടെ കണ്ണ് തുറപ്പിക്കാൻ പര്യാപ്തമാണ്. ലീഗും ഖാദിയാനിസവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മുജീബ് പരാമർശിച്ചു കണ്ടു. അതിന് ഒരുപാട് കാലപഴക്കമുണ്ട്. 'അബലയുടെ പ്രതികാരം', 'തുർക്കി വിപ്ലവം' എന്നീ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ഖാദിയാനി ആശയക്കാരനായ മർഹൂം വി. അബ്ദുൽ ഖയ്യൂം *ചന്ദ്രിക* പത്രത്തിന്റെ എഡിറ്റോറിയൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം 'എന്റെ ഉപ്പാപ്പ' എന്ന തലവാചകത്തിൽ *ചന്ദ്രിക*യിൽ മർഹൂം സി.എച്ച് മുഹമ്മദ് കോയ ഒരനുസ്മരണം എഴുതിയത് ഓർക്കുന്നു. മറ്റൊന്ന് ഇ. അഹ്മദ് സാഹിബ് ഐക്യരാഷ്ട്ര സഭയിൽ നടത്തിയ പ്രസംഗത്തിലെ പരാമർശമാണ്. "ഇന്ത്യൻ മുസ്‌ലിംകൾക്ക് പീഡനമില്ല. മറിച്ച് പാകിസ്താനിലെ ഭൂരിപക്ഷം വരുന്ന മുസ്‌ലിംകളിലെ ന്യൂനപക്ഷത്തിന് പീഡനമാണ്". അദ്ദേഹത്തിന്റെ മരുമകൻ (സഹോദരി പുത്രൻ) ഇ. ത്വാഹിർ ഖാദിയാനിയാശയക്കാരനാണ്. ലീഗിലെ ഭൂരിപക്ഷം വരുന്ന ഇ.കെ സുന്നി വിഭാഗത്തിന്റെ നയവും ഈ സന്ദർഭത്തിൽ പരിശോധിക്കുന്നത് നന്നായിരിക്കും. മുജാഹിദ് നേതാവായിരുന്ന മർഹൂം സി.പി കുഞ്ഞിമൊയ്തീൻ മൗലവിയുടെയും ഖാദിയാനിയായ സി.പി ആലിക്കുട്ടി മൗലവി(തൃപ്പനച്ചി)യുടെയും പിതാവ് മുഹമ്മദ് മുല്ല മരണപ്പെട്ടപ്പോൾ മഹല്ല് ഭാരവാഹികൾ മയ്യിത്ത് മറവ് ചെയ്യാൻ അനുവദിക്കാത്തതിനെത്തുടർന്ന് പോലീസ് അകമ്പടിയോടുകൂടി മുത്തനൂർ പള്ളി ഖബ്ർസ്ഥാനിൽ മറവ് ചെയ്തു. തുടർന്ന് മുജാഹിദുകളെയും ഖാദിയാനികളെയും കക്ഷി ചേർത്ത് മുത്തനൂർ പള്ളിക്കേസ് എന്ന പേരിൽ ഒരു പ്രമാദമായ കേസ് നടന്നു. പ്രസ്തുത കേസിൽ മുജാഹിദുകൾക്ക് അനുകൂലമായ വിധിയാണുണ്ടായത്. ഇത് ഖാദിയാനികൾക്കും ബാധകമായിരുന്നു. ഇതിനെതിരിൽ ലീഗുകാർ പ്രതികരിച്ചുവോ?

പഴയകാലത്ത് സുന്നികളുടെ മതപ്രസംഗ നോട്ടീസുകളിൽ വഹാബി, മൗദൂദി, ഖാദിയാനി എന്നീ കക്ഷികൾക്കെതിരിലുള്ള പ്രസംഗ പരമ്പര എന്നാണ് അച്ചടിക്കുക. ഇതിന്റെ ഭവിഷ്യത്ത് ജനശ്രദ്ധയിൽ പെടുത്തിയത് ജമാഅത്ത് നേതാവായിരുന്ന മർഹൂം പി. മുഹമ്മദ് അബുൽ ജലാൽ മൗലവിയായിരുന്നു. 'നിങ്ങൾക്ക് വേണമെങ്കിൽ വഹാബി, മൗദൂദി എന്ന് പറഞ്ഞോളൂ. മറിച്ച് ഖാദിയാനികളെ പ്രസ്തുത ഗണത്തിൽ ഉൾപ്പെടുത്തരുത്. അങ്ങനെ ചേർത്ത് പറഞ്ഞാൽ മുജാഹിദ്, ജമാഅത്ത് എന്നീ സംഘടനകളിൽ ചേരുന്നതുപോലെ ഖാദിയാനിസത്തിലും ചേരാമെന്ന് വരും' എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. പിന്നീട് ഇതിന്റെ ഭവിഷ്യത്ത് മനസ്സിലാക്കി സുന്നികൾ 'മുജ-ജമ-തബ്‌ലീഗാദികൾ' എന്ന പ്രയോഗം തുടങ്ങി. ഈ രംഗത്തും ലീഗുകാർ എന്തു ചെയ്തു?

കോൺഗ്രസ്സുകാരുടെ *മിനാർ* വാരികയെപ്പറ്റി സൂചിപ്പിച്ചു കണ്ടു. ഇതേപോലെ ലീഗുകാർക്ക് *മാപ്പിളനാട്* എന്നൊരു മാസികയും ഉണ്ടായിരുന്നു. പ്രസ്തുത മാസികയിലെ ചോദ്യോത്തര പംക്തിയിലെ ഒരു ചോദ്യം: 'മാപ്പിളനാട് എന്ന പേര് പോലെ

തന്നെയാണ് അതിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളും എന്ന് ഒരു ദേശീയ മുസ്‌ലിം പറയുന്നു. പത്രാധിപർക്ക് എന്ത് പറയാനുണ്ട്?' ഇതിന് നൽകിയ മറുപടി രസകരമാണ്. "ഈ ആരോപണം ഉന്നയിച്ച വ്യക്തിയുടെ കരണക്കുറ്റി കുറേ അകലെയും എന്റെ കൈ ഇവിടെയും ആയതുകൊണ്ട് തൽക്കാലം മറുപടി പറയുന്നില്ല." ഇതാണവരുടെ നിലവാരം.

ഭാഷാ സമരത്തിൽ മജീദ്, റഹ്മാൻ, കുഞ്ഞിപ്പ എന്നിവർ മരണപ്പെട്ടതിനെത്തുടർന്ന് ഒരു റിലീഫ് ഫണ്ട് ലീഗ് സ്വരൂപിച്ചു. പ്രസ്തുത ഫണ്ടിലേക്ക് പതിനൊന്ന് ലക്ഷം രൂപ പിരിഞ്ഞുകിട്ടി. അതിൽനിന്ന് ഓരോ കുടുംബത്തിനും ഓരോ ലക്ഷം നൽകി. ബാക്കി സംഖ്യക്ക് (എട്ട് ലക്ഷം രൂപ) ഒരു രേഖയുമില്ല. ഇതേപ്പറ്റി അന്നത്തെ അഖിലേന്ത്യാ മുസ്‌ലിം ലീഗ് നേതൃത്വം ചോദ്യം ചെയ്തുവെങ്കിലും ഫലം കണ്ടില്ല.

കെ.എൻ.എമ്മിന്റെ ആധികാരിക തഫ്സീർ അമാനി മൗലവി പരിഭാഷപ്പെടുത്തിയ ഖുർആൻ പരിഭാഷയാണ്. അതിലുടനീളം മർഹൂം സയ്യിദ് ഖുത്വ്ബിന്റെ *ഫീ ളിലാലിൽ ഖുർആനി*ലെ ഉദ്ധരണികളുണ്ട്. അന്ന് കെ.എൻ.എം ഇഖ്‌വാനികളായിരുന്നുവോ, അമാനി മൗലവി ഇഖ്‌വാനിയായിരുന്നുവോ?

**കെ.വി.ഒ അബ്ദുർറഹ്മാൻ പറവണ്ണ**

## എന്താണവർ തമ്മിലുള്ള ബന്ധം

***പ്രബോധനം*** ലക്കം 40-ലെ ടി.കെ ഫാറൂഖിന്റെ 'ഒടുവിൽ കാരശ്ശേരി വഹാബികളെയും തേടിയെത്തി...' വായിച്ചു. കാരശ്ശേരി മനപ്പൂർവം വിട്ടുകളഞ്ഞ വരികൾ തേടിപിടിച്ച് നൽകിയത് ഉചിതമായി.

കാരശ്ശേരിയുടെ ഈ പുതിയ കരണംമറിച്ചിലിൽ കാര്യമായ എന്തോ അജണ്ട ഒളിഞ്ഞിരിപ്പുണ്ട്. ലേഖകന്റെ ഒടുവിലെ വരികൾ വിമർശകർക്കുള്ള ഉശിരൻ കൊട്ടാണ്. ചിന്താശീലർക്ക് ഉണരാനും തിരിച്ചറിയാനും അത് ധാരാളം. ലേഖകന് അഭിനന്ദനം.

**മമ്മൂട്ടി കവിയൂർ**

## *മാധ്യമം* വളർന്ന വഴി

**മുസ്‌ലിം** യൂത്ത് ലീഗ് നേതാവ് കെ.എം ഷാജിയുടെ ജമാഅത്തെ ഇസ്‌ലാമിക്കും *മാധ്യമം* പത്രത്തിനുമെതിരായ കടന്നാക്രമണവും ഒളിയമ്പുകളും (*മാതൃഭൂമി* ദിനപത്രം 2010 ഫെബ്രുവരി), *പ്രബോധനം* ചോദ്യോത്തരവും (മാർച്ച് 6) വായിച്ചപ്പോൾ, *മാധ്യമം* പത്രത്തിന്റെ ഏറ്റവും നിർണായകഘട്ടത്തിലെ പ്രഥമ സ്റ്റോർസ് ആന്റ് പർച്ചേഴ്സ് മാനേജർ ആയിരുന്ന ആൾ എന്ന നിലയിൽ ചില കാര്യങ്ങൾ പങ്കുവെക്കണമെന്ന് തോന്നി.

"കേരളത്തിന്റെ രാഷ്ട്രീയ ഭൂമികയിലെ സജീവ സാന്നിധ്യമായ മുസ്‌ലിം ലീഗിന്റെ മുഖപത്രം പോലും പല സന്ദർഭങ്ങളിലും സാമ്പത്തികമായി നിസ്സഹായാവസ്ഥയിലായപ്പോൾ (ഇപ്പോഴും) തീവ്രവാദ സംഘടനകളുടെ സാരഥ്യത്തിലുള്ള പത്രങ്ങൾക്ക് പണത്തിന് ഇന്നേവരെ ഒരു മുട്ടുമുണ്ടായിട്ടില്ല. എവിടെനിന്നാണ് ഈ പ്രവാഹം? മുൻ ഇന്റലിജൻസ് ഐ.ജി ആയിരുന്ന ജേക്കബ് പുന്നൂസ് ഒരിക്കൽ പറഞ്ഞത് കേരളത്തിൽ 50,000 കോടിയുടെ ഹവാല പണമുണ്ടെന്നാണ്. ഇതിൽ 10 കോടി പോലും ഇതേവരെ പിടിച്ചെടുത്തതായി അറിയില്ല...."

ഈ വരികളിലെ ദുസ്സൂചന വളരെ വ്യക്തമാണല്ലോ. എന്നാൽ ഷാജി അടക്കമുള്ളവർ അറിയേണ്ട ചില വസ്തുതകൾ:

1. 1987 മുതൽ '92 വരെയുള്ള കാലയളവിൽ ന്യൂസ് പ്രിന്റ് ക്ഷാമവും കടുത്ത സാമ്പത്തിക പ്രതിസന്ധിയും അഭിമുഖീകരിച്ചുകൊണ്ടാണ് *മാധ്യമ*ത്തിന്റെ ഓരോ ദിനവും കടന്നുപോയത്. അന്ന് കെ.എ സിദ്ദീഖ് ഹസൻ, വി.കെ ഹംസ, ഒ. അബ്ദു

ല്ല, ഒ. അബ്ദുർറഹ്മാൻ എന്നിവർ നിർദേശിക്കുന്ന, കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള ആളുകളുടെ അടുത്തുപോയി കാശ് കടം വാങ്ങി, കിട്ടാവുന്നിടത്ത് നിന്നെല്ലാം ന്യൂസ് പ്രിന്റ് എത്തിച്ചുകൊടുക്കുക എന്നതായിരുന്നു എന്റെയും സഹപ്രവർത്തകരായ സലീം, മജീദ് എന്നിവരുടെയും മുഖ്യ ജോലി.

അതോടൊപ്പംതന്നെ കോഴിക്കോട്ടെ പത്ര സ്ഥാപനങ്ങളായ *ചന്ദ്രിക*, *ദേശാഭിമാനി, കൗമുദി, സിറാജ്, മനോരമ, മാതൃഭൂമി* എന്നിവയിൽനിന്ന് ന്യൂസ് പ്രിന്റ് കടം വാങ്ങാത്ത ഒറ്റ ആഴ്ചയും അക്കാലത്ത് കടന്നുപോയിട്ടില്ല.

ഹവാല പോയിട്ട് ഏതെങ്കിലും ബാങ്കുകളിൽനിന്ന് ലോൺ ലഭ്യമാക്കാൻ സാധ്യതയുണ്ടായിട്ടും അതിനു പോലും പ്രസ്ഥാന നേതൃത്വത്തിന്റെ അനുവാദമില്ലാത്ത അവസ്ഥയിൽ *മാധ്യമം* പത്രം എങ്ങനെ നിലനിന്നു എന്ന് ഇന്ന് ആലോചിക്കുമ്പോൾ മഹാത്ഭുതമായി തോന്നുന്നു. മറ്റു പല പത്രങ്ങളും ഈ പ്രതിസന്ധി ഘട്ടത്തിൽ ഇടക്കിടെ മുടങ്ങിയപ്പോൾ *മാധ്യമം* ഒരു ദിവസം പോലും മുടങ്ങിയില്ല.

മറ്റൊരു പത്രത്തിനും ഇത്തരമൊരു പ്രതിസന്ധി തരണം ചെയ്യേണ്ടിവന്നിട്ടുണ്ടാവില്ല. അതിനാൽതന്നെ പത്രം പൂർണമായി നിർത്തുന്നതിനെക്കുറിച്ച് പോലും ഒന്നിലേറെ സന്ദർഭങ്ങളിൽ ചർച്ച ചെയ്യേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും ഈ കാലയളവിലൊന്നും നിയമവിരുദ്ധമായ മാർഗത്തിലൂടെ ഒരു രൂപ പോലും *മാധ്യമ*ത്തിൽ വന്നിട്ടില്ലെന്ന് അതിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെട്ട വ്യക്തി എന്ന നിലക്ക് ഉറപ്പിച്ച് പറയാൻ കഴിയും.

2. ജോലി തേടി ഈയുള്ളവൻ *മാധ്യമ*ത്തിൽനിന്ന് വിരമിച്ച് സുഊദി അറേബ്യയിൽ പോയത് 1992-ലാണ്. അഞ്ചു വർഷത്തോളം കാര്യമായ ജോലി ഇല്ലാതെ സുഹൃത്തുക്കളുടെയും മറ്റും സഹകരണത്തോടെ കഴിഞ്ഞുകൂടേണ്ടിവന്ന പ്രയാസപൂർണമായ ആ ഘട്ടത്തിൽ ഒരു കാര്യം നേരിട്ടറിയാൻ സാധിച്ചു.

കേരളത്തിലെ എല്ലാ മത-രാഷ്ട്രീയ സംഘടനകളിലും പെട്ട ധാരാളക്കണക്കിനാളുകൾ ഏറിയോ കുറഞ്ഞോ അളവിൽ ഹവാലയുമായി ബന്ധപ്പെടുകയും ഇടപാട് നടത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ സ്വന്തം കുടുംബത്തിലേക്ക് ചെലവിന് പണമെത്തിക്കാൻ വേണ്ടി പോലും ഹവാല ഇടപാട് നിരുത്സാഹപ്പെടുത്തിയ ഏക വിഭാഗം കെ.ഐ.ജിയാണ്.

ഇത്രയേറെ സൂക്ഷ്മത പാലിക്കുകയും സ്വന്തം അണികളെ സൂക്ഷ്മത പാലിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തെക്കുറിച്ച് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കും മുമ്പ് സ്വന്തം പാർട്ടിയുടെ അണികൾ ഈവക കാര്യങ്ങളിൽ എവിടെ നിൽക്കുന്നു എന്ന ഒരന്വേഷണം നടത്തുന്നത് നന്നായിരിക്കും.

3. *ചന്ദ്രിക* ഇപ്പോഴും അനുഭവിക്കുന്ന നിസ്സഹായാവസ്ഥയെക്കുറിച്ചും ഷാജി സൂചിപ്പിക്കുന്നുണ്ടല്ലോ. അതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് കൈകാര്യം ചെയ്യുന്നവരുടെ കെടുകാര്യസ്ഥതയും ആത്മാർഥതയില്ലായ്മയുമല്ലേ? മറ്റൊന്ന് പത്രനടത്തിപ്പിലെ പക്ഷപാതമനസ്ഥിതിയും.

1987-'92 കാലഘട്ടങ്ങളിൽ ന്യൂസ് പ്രിന്റ് കടം വാങ്ങാനും മറ്റുമായി ഞങ്ങൾ നിരന്തരം ബന്ധപ്പെട്ടിരുന്ന മാന്യ വ്യക്തി ആയിടക്ക് ഞങ്ങളെ വിളിച്ച് *ചന്ദ്രിക*യിൽനിന്ന് ന്യൂസ് പ്രിന്റ് നൽകരുതെന്ന് നിർദേശിച്ച കാര്യവും അധികം വൈകാതെ സാമ്പത്തിക ക്രമക്കേടുകൾക്ക് അദ്ദേഹം സസ്പെന്റ് ചെയ്യപ്പെട്ട കാര്യവും സാന്ദർഭികമായി സൂചിപ്പിക്കട്ടെ.

അതേസമയം ന്യായമായി ലഭിക്കുന്ന ഗിഫ്റ്റുകളും കമീഷനുകളും പോലും എക്കൗണ്ടിൽ വരവ് ചേർത്ത് ചെലവ് ചുരുക്കിയാണ് *മാധ്യമം* പ്രതിസന്ധികളെ അതിജീവിച്ചത് എന്നും മനസ്സിലാക്കുക.

**സി.എച്ച് മുഹമ്മദലി കൂട്ടിലങ്ങാടി**

# പരാമർശം സൂക്ഷ്മമല്ല

***പ്രബോധനം*** ലക്കം 39, 'മതാത്മക ബഹുസ്വരത പൊതു പ്രശ്നങ്ങൾ' എന്ന ലേഖനത്തിൽ "മനുഷ്യപ്രകൃതം മാനിച്ച് വൈവാഹിക ജീവിതത്തിൽ ചില വിട്ടുവീഴ്ചകളും ഉദാര സമീപനങ്ങളും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. അഹ്‌ലു കിതാബുകാരുമായി വിവാഹബന്ധം ആകാമെന്ന ഖുർആനികാധ്യാപനം ഇതിന്റെ ഭാഗമാണ്."

പ്രസ്തുത ഉദ്ധരണി മനസ്സിലാക്കപ്പെടുക വേദക്കാരിലെ പുരുഷന്മാരുമായി മുസ്‌ലിം സ്ത്രീകൾക്ക് വിവാഹബന്ധം ആകാമെന്നാണല്ലോ? ഖുർആനിൽ ചില നിബന്ധനകളോടെ വേദക്കാരിലെ സ്ത്രീകളെ വിവാഹം ചെയ്യാൻ മുസ്‌ലിംകളെ അനുവദിച്ചിരിക്കുന്നു. മറിച്ച് വേദക്കാർക്ക് മുസ്‌ലിം സ്ത്രീകളെ അനുവദിച്ചിട്ടുമില്ല. കാരണം വേദക്കാർ നബി(സ)യെ പ്രവാചകനായി അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല പ്രവാചകനെ നിന്ദിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നു. വേദക്കാരുമായി ഒരു മുസ്‌ലിം സ്ത്രീ വിവാഹത്തിൽ ഏർപ്പെട്ടാൽ സ്വാഭാവികമായും നബി(സ)യെ പ്രതിയുള്ള ശകാരങ്ങളാൽ വികാരം വ്യണപ്പെടുന്ന മുസ്‌ലിം ഭാര്യയും ഭർത്താവുമായുള്ള ദാമ്പത്യ ബന്ധം ശിഥിലമാകാനാണ് സാധ്യത എന്നതുതന്നെ യുക്തിസഹമായിരിക്കുന്നു നിരോധത്തിന്. മറിച്ച് മുസ്‌ലിംകൾ വേദക്കാരുടെ എല്ലാ പ്രവാചകരിലും വിശ്വസിക്കുന്നു, അവരെ ആദരിക്കുന്നു. അതുകൊണ്ട് മുസ്‌ലിം ഭർത്താവിൽനിന്നും വേദക്കാരിയായ ഭാര്യക്ക് വികാരം വ്യണപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല, ദാമ്പത്യം ശിഥിലമാവാൻ സാധ്യതയുമില്ല.

**കുഞ്ഞുമുഹമ്മദ് മൂവാറ്റുപുഴ**

# ഐ.ആർ.ഡബ്ലിയു അറിയിപ്പ്

1. പുതിയ വളണ്ടിയർ തെരഞ്ഞെടുപ്പ്: വളണ്ടിയറാകാൻ സന്നദ്ധതയുള്ള പ്രവർത്തകർ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യുക. വിലാസം: കൺവീനർ IRW ഹിറാ സെന്റർ, മാവൂർ റോഡ്, കോഴിക്കോട്. ഫോൺ: 9446414307

2. IRW വാർഷിക വളണ്ടിയർ ക്യാമ്പ് മെയ് 7,8,9 തീയതികളിൽ നടക്കും. സ്ഥലവും മറ്റു വിശദ വിവരങ്ങളും അറിയിക്കുന്നതാണ്.

**കൺവീനർ, IRW**